പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4776    05/02/2014-ൽ മറുപടിയ്ക്ക്

**2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക പദ്ധതികൾ**

ചോദ്യം
ശ്രീ. കെ. ദാസൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കർഷകരുടെ പരിരക്ഷയ്ക്കായി 2014-15 ബഡ്ജറ്റിൽ എന്തെല്ലാം പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

എ) കർഷകരുടെ പരിരക്ഷയ്ക്കായി 2014-15 ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | വക ഇരുത്തിയ തുക (കോടി രൂപ) |
|---|---|---|
| 1. | കർഷകർക്ക് 90% സർക്കാർ പ്രീമിയത്തോടു കൂടി ഇൻകം ഗാരന്റിയും വില നിർണ്ണയ അവകാശവും. | 50.00 |
| 2. | രണ്ട് ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്. | 50.00 |
| 3. | അഗ്രികാർഡ് വിതരണം. | |
| 4. | ഹൈടെക് അഗ്രിക്കൾച്ചർ . | 200.00 |
| 5. | കാർഷികോത്പന്ന വിപണത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ. | 10.00 |
| 6. | ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്നു. | 25.00 |
| 7. | കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് എന്നിവ സംയോജിച്ചു കൊണ്ടുള്ള വെർട്ടിക്കൽ ഫാമിംഗ് പദ്ധതി. | -- |
| 8. | ന്യായവില നൽകി കാർഷികോത്പന്നങ്ങളുടെ സംഭരണം | -- |
| 9. | സമഗ്ര കാർഷിക വികസനം. | 964.82 |

| | | |
|---|---|---|
| 10. | ആധുനിക കാർഷിക സാങ്കേതിക വിദ്യകൾക്കു രൂപം നൽകുന്നതിനും കൈമാറ്റം ചെയ്യുന്നതിനും കാർഷിക സർവ്വകലാ ശാലയ്ക്കും കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കും ധന സഹായം. | 5.11 |
| 11. | കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കുന്നതിന് അടയ്ക്കാ പാക്കേജ്. | 10.00 |
| 12. | മികവ് തെളിയിക്കുന്ന കർഷകർക്ക് കർഷക നൈപുണ്യം അവാർഡ്. | -- |

ബി) ഇതിൽ രാസവളങ്ങളുടെ വില നിലവാരം നിയന്ത്രിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളത്; വ്യക്തമാക്കാമോ;

ബി) രാസവളങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇതിനായി സംസ്ഥാന ബജറ്റിൽ പദ്ധതികളൊന്നും ഇല്ല.

സി) 2014-15ൽ നിറവ് പദ്ധതി വിപുലീക-രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിൽ പുതുതായി എത്ര മണ്ഡലങ്ങളെ ഉൾപ്പെടുത്തുന്നുണ്ട്; അവ ഏതെല്ലാം; വിശദാംശം നൽകുമോ?

സി) 2014-15 നിറവ് പദ്ധതി 40 നിയോജക മണ്ഡലങ്ങളിൽ കൂടി വ്യാപിപ്പിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നിയോജക മണ്ഡലങ്ങൾ തീരുമാനിച്ചിട്ടില്ല.

Snehams

**സെക്ഷൻ ഓഫീസർ**